# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2402 05.02.2018-ൽ മറുപടിക്ക്**

മാട്ടേൽ തുരുത്ത് പ്രദേശത്തെ സമ്പൂർണ്ണവൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. എ.എം. ആരിഫ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിലെ മാട്ടേൽ തുരുത്ത് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത് ഉൾപ്പെടെ പ്രസ്തുത മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര തുക അനുവദിക്കുന്നതിനാണ് അരൂർ എം. എൽ.എ നിർദ്ദേശിച്ചിട്ടുള്ളത്; | (എ) | 33.91 ലക്ഷം രൂപ അനുവദിക്കുന്നതിനാണ് അരൂർ എം.എൽ.എ നിർദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ആയത് പ്രകാരം മാട്ടേൽ തുരുത്തിലേക്ക് വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ; | (ബി) | മാട്ടേൽ തുരുത്തിലേയ്ക്ക് വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ ആരാണെന്നും എന്നത്തേക്ക് നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുമെന്നും ഇനി എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്നും വ്യക്തമാക്കാമോ; | (സി) | ശ്രീ. സുരേഷ്ബാബു, മക്കാപറമ്പിൽ, പട്ടണക്കാട്. പി.ഒ എന്നയാൾക്ക് 14.06.2017 ൽ വർക്ക് ഓർഡർ നൽകിയിട്ടുള്ളതാണ്. എന്നാൽ നിലവിലുള്ള സാഹചര്യത്തിൽ വർക്ക് എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ കരാറിൽ ഏർപ്പെടുകയുള്ളൂവെന്ന് ടിയാൾ കത്ത് നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 2018 ജനുവരി 19 ന് ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ യോഗം വിളിച്ച് ചേർക്കുകയും 2018 മാർച്ച് 31 ന് മുമ്പ് ടി ജോലികൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാര്യത്തിൽ വകുപ്പ് അധികൃതരുടെ അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ